/435064/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/426/2023-C1-Part(1) തീയതി: 02-08-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - ഐടിഐ അഡ്മിഷൻ 2023 - തമിഴ് നാട് SSLC സർട്ടിഫിക്കറ്റ് (2020-21) - കോവിഡ് കാലയളവിൽ പരീക്ഷ നടത്താത്തതിനാൽ ഐടിഐ പ്രവേശനത്തിന് മാർക്ക് കണക്കാക്കുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:-
1. കുഴൽമന്ദം ഐടിഐയിലെ 27.06.2023 ലെ ഇമെയിൽ സന്ദേശം
2. പാലക്കാട് ജില്ല അഡ്മിഷൻ കോ-ഓർഡിനേറ്ററുടെ 24.06.2023 ലെ ഇമെയിൽ സന്ദേശം
3. തമിഴ് നാട് സർക്കാരിന്റെ G.O. (Ms) No.48 School Education (G.E) Dept, തീയതി: 25.02.2021
4. തമിഴ് നാട് സ്കൂൾ വിദ്യാഭാസ കമ്മീഷണറുടെ 14.06.2021 ലെ 34462/BT.1/E1/2021 നമ്പരായ ഉത്തരവ്

2023 വർഷത്തെ ഐടിഐ പ്രവേശനവുമായി ബന്ധപ്പെട്ട് തമിഴ് നാട് സംസ്ഥാനത്ത് നിന്ന് 2020-21 കാലയളവിൽ പഠിച്ച അപേക്ഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ടി കാലയളവിൽ വിജയിച്ച കുട്ടികൾക്ക് PASS എന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് മാത്രമേ ഐടിഐ പ്രവേശന അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളുവെന്നും ആയതിനാൽ index മാർക്ക് കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകണമെന്നും സൂചന 1,2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കോവിഡ് കാലയളവിൽ (2020-21) തമിഴ് നാട് സംസ്ഥാനത്ത് 10 ആം ക്ലാസ് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് സൂചന 3 പ്രകാരം പാസ്സ് സർട്ടിഫിക്കറ്റ് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന 4 പ്രകാരം 11-ക്ലാസിലെയും പോളിടെക്നിക്, ഐടിഐ തുടങ്ങിയ ഉയർന്ന വിദ്യാഭാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് 9 ക്ലാസ്സിലെ Quarterly / Half Yearly പരീക്ഷകൾ പ്രകാരമുള്ള മാർക്ക് സർട്ടിഫിക്കറ്റ് അതാത് സ്കൂൾ മേലധികാരി നൽകണമെന്നും ആയതിലേക്ക് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും

ചെയ്തിട്ടുണ്ട്.

a) 9 ക്ലാസ്സിലെ Quarterly / Half Yearly പരീക്ഷകൾ വിജയിച്ചിട്ടുണ്ടെങ്കിൽ ഓരോ വിഷയങ്ങൾക്കും ഏതു പരീക്ഷയിലാണോ ഉയർന്ന മാർക്ക് ലഭിച്ചിട്ടുള്ളത്, ടി പരീക്ഷയിലെ മാർക്ക് പരിഗണിച്ച് മാർക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

b) 9 ക്ലാസ്സിലെ Quarterly / Half Yearly പരീക്ഷകളിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ മാർക്കായ 35 മാർക്ക് നൽകേണ്ടതാണ്. ടി പരീക്ഷകളിൽ ഹാജരാകാതിരുന്നവർക്കും 35 മാർക്ക് നൽകേണ്ടതാണ്.

c) 9 ക്ലാസ്സിലെ Quarterly / Half Yearly പരീക്ഷകൾ എഴുതി ഏതെങ്കിലും ഒരു പരീക്ഷ വിജയിച്ചിട്ടുണ്ടെങ്കിൽ വിജയിച്ച പരീക്ഷയിലെ മാർക്ക് കണക്കാക്കേണ്ടതാണ്.

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് സ്കൂൾ അധികൃതർ നൽകുന്ന 9 ക്ലാസ്സിലെ PASS സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഐടിഐ പ്രവേശനത്തിന് വേണ്ട index മാർക്ക് കണക്കാക്കാവുന്നതാണ്.

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ് :- എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാർക്ക്